**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - സീനിയർ ക്ലാർക്ക് തസ്തികയിൽ 31.05.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി മോളിക്കുട്ടി അലക്സാണ്ടറുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചത് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം.2695/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 19/09/2016**

---

പരാമർശം : 1. സ.ഉ(കൈ) 224/2014/തസ്വഭവ തീയതി 12.12.2014

2. പഞ്ചായത്ത് ഡയറക്ടറുടെ 05.06.2015, 17.03.2016 തീയതികളിലെ ഇ 6-39701/2013 നമ്പർ കത്ത്.

3. **25.02.2016** ലെ സ.ഉ(സാധാ) നം **823/16/**തസ്വഭവ

**ഉത്തരവ്**

പരാമർശം(3) സർക്കാർ ഉത്തരവിലെ ഖണ്ഡിക(4) ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാനുഷിക പരിഗണ അർഹിക്കുന്ന സംഗതിയാണെന്ന് വിലയിരുത്തി, പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ് & എസ്.എസ് ആർ ഭാഗം II ലെ 39-ാം ചട്ട പ്രകാരം ചട്ടങ്ങളിൽ ഇളവ് നൽകി ശ്രീമതി മോളിക്കുട്ടി അലക്സാണ്ടർ സേവനത്തിൽ നിന്ന് വിരമിച്ച 31.05.2014 ന് പൂർവ്വാഹ്നം പ്രാബല്യത്തിൽ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിച്ച് (KS&SSRs part 2,Rule 13 B പ്രകാരം) പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിലെ രണ്ട് വർഷം ഡ്യൂട്ടി ആർജ്ജിക്കുന്നതിൽ നിന്നും ഇളവ് നൽകി ടിയാൾ സേവനത്തിൽ നിന്ന് വിരമിച്ച 31.05.2014 ന് പൂർവ്വാഹ്നം പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു."

3. പരാമർശം(3) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഉദ്യാഗസ്ഥഭരണപരിഷ്ക്കാരവകുപ്പ്( 14.10.2015 ലെ 18052/ബി2/2015/ഉഭപവ നമ്പർ കുറിപ്പ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്). കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നമ്പർ 104/ഇപിഎ 1/15/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ